**<u>രജിസ്റ്റേർഡ് (എഡി സഹിതം)</u>**

**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**

വഞ്ചിയൂർ പിഒ, തിരുവനന്തപുരം പിൻ- 695035

ഫോൺ: 0471 2302490 ഫാക്സ്: 0471 2303025 / 2303080

ഇമെയിൽ: dhskerala.hlth@kerala.gov.in വെബ്സൈറ്റ്: www.dhs.kerala.gov.in

---

DHS/1727/2026-EA4 തീയതി. 04-02-2026

**<u>കാരണം കാണിക്കൽ നോട്ടീസ്</u>**

വിഷയം: ആരോഗ്യവകുപ്പ്-ഡോ മുഹമ്മദ് റമീസ് എസ് (D r Muhammed Rameez S PEN 892487), അസിസ്റ്റന്റ് സർജൻ / കാഷ്വാൽറ്റി മെഡിക്കൽ ഓഫീസർ- അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത് - തുടർ നടപടി സ്വീകരിക്കുന്നത് – സംബന്ധിച്ച്

പരാമർശം: 1. ഡോ മുഹമ്മദ് റമീസ് എസ് സമർപ്പിച്ച അപേക്ഷ തീയതി 16.01.2026

2 EB3/24262/2022/DHS തീയതി 07.04.2022

3. GMCKKD/1797/2025-C2 തീയതി 22.09.2025

4. Order No GMCKKD/917/2025-E10 തീയതി 13.05.2025

ഡോ മുഹമ്മദ് റമീസ് എസ് (D r Muhammed Rameez S PEN 892487) എന്ന താങ്കൾക്ക് മലപ്പുറം വെളിയംകോട് പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ അസിസ്റ്റന്റ് സർ ജൻ തസ്തികയിൽ സേവനത്തിലിരിക്കവെ DM Cardiology കോഴ്സ് ചെയ്യുന്നതിനായി നിരാക്ഷേപ പത്രം അനുവദിച്ചിരുന്നു. പരാമർശം (3) പ്രകാരമുള്ള കോഴ്സ് സർട്ടിഫിക്കറ്റ് പ്രകാരം 17.04.2025 ന് കോഴ്സ് അവസാനിച്ച മുറയ്ക്ക് തിരികെ സേവനത്തിൽ പ്രവേശിക്കുന്നതിന് താങ്കൾ അപേക്ഷ സമർപ്പിച്ചിരുന്നില്ല. പരാമർശം (4) പ്രകാരമുള്ള ഉത്തരവ് പ്രകാരം 13.05.2025 മുതൽ ബോണ്ട് സീനിയർ റസിഡന്റ് ആയി സേവനം അനുഷ്ഠിച്ച് വരുന്നതായും ടി കാലയളവ് അവധി അപേക്ഷയിൽ ഉൾപ്പെട്ടതല്ലെന്നും കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളേജിൽ തന്നെ ജോലി ചെയ്തിരുന്നതിനാൽ അവധി നിയമാനുസൃതമായി

അംഗീകരിച്ച് ജോലിയിൽ തിരിച്ചെടുക്കണമെന്നും പരാമർശം **(1)** പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷ വിശദമായി പരിശോധിച്ചു. **17.04.2025** ന് കോഴ്സ് അവസാനിച്ചമുറയ്ക്ക് തിരികെ സേവനത്തിൽ പ്രവേശിക്കുന്നതിന് അപേക്ഷ സമർപ്പിക്കുകയോ സീനിയർ റസിഡൻസിയ്ക്ക് പ്രവേശിക്കുന്നതിന് മുൻപായി നിരാക്ഷേപ പത്രം ലഭ്യമാക്കുന്നതിന് അപേക്ഷ സമർപ്പിക്കുകയോ ആയതിലേയ്ക്ക് അവധിയ്ക്ക് അപേക്ഷിക്കുകയോ ചെയ്തിരുന്നില്ല. ഇത് താങ്കളുടെ ഭാഗത്ത് നിന്നുള്ള വീഴ്ചയാണ്.. **18.04.2025** തീയതി മുതൽ താങ്കൾ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുകയാണെന്ന് കാണുന്നു. **02.07.2020** തീയതി സേവനത്തിൽ പ്രവേശിച്ച താങ്കൾ പ്രൊബേഷണർ ആണ്. അനധികൃതമായി ഹാജരില്ലായ്മയിൽ തുടർന്നതിനെ ന്യായീകരിക്കുന്നതിനാവശ്യമായ കാരണങ്ങൾ ബോധിപ്പിക്കുന്നതിന് താങ്കൾക്ക് കഴിഞ്ഞിട്ടില്ല. ആയതിനാൽ ടി അപേക്ഷ തൃപ്തികരമായി കണക്കാക്കുന്നതിന് കഴിയുകയില്ല. പ്രൊബേഷൻ കാലാവധിയ്ക്കുള്ളിൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്നതിനാൽ താങ്കളുടെ വർക്ക് ആന്റ് കോണ്ടക്ട് തൃപ്തികരമായി കാണക്കാക്കുന്നതിന് കഴിയാത്തതിനാൽ **1958** ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങൾ പാർട്ട് **II** റൂൾ **19 (a) (ii)** പ്രകാരം താങ്കളുടെ പ്രൊബേഷൻ അവസാനിപ്പിക്കുന്നതിനും സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനും താത്കാലികമായി തീരുമാനിക്കുന്നു.

**(2)** ടി സാഹചര്യത്തിൽ മേൽ ഖണ്ഡിക പ്രകാരമുള്ള താത്കാലിക തീരുമാനത്തിനെതിരായി താങ്കൾക്ക് എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് നോട്ടീസ് ലഭിച്ച് **15** (പതിനഞ്ച്) ദിവസത്തിനകം രേഖാമൂലം ബോധിപ്പിക്കേണ്ടതാണ്. ടി വിഷയത്തിൽ താങ്കളെ നേരിട്ട് കേൾക്കണമെന്ന് ആഗ്രഹിക്കുന്നുവെങ്കിൽ ആയത് നോട്ടീസിനുള്ള മറുപടിയിൽ വ്യക്തമാക്കിയിരിക്കേണ്ടതാണ്. തൽസംബന്ധമായ വിശദീകരണം ടി കാലയളവിനുള്ളിൽ ലഭ്യമാക്കാത്തപക്ഷം താങ്കൾക്ക് ഇക്കാര്യത്തിൽ യാതൊന്നും ബോധിപ്പിക്കുവാനില്ലെന്ന നിഗമനത്തിൽ താങ്കളുടെ പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള താത്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

Digitally signed by
Reena K J
Date: 04-02-2026
15:03:15

**Dr REENA K J**

**DIRECTOR OF HEALTH SERVICES**

സ്വീകർത്താവ്,

ഡോ മുഹമ്മദ് റമീസ് എസ്,

നെല്ലുവേലിൽ, കോലളമ്പ് പി ഒ, എടപ്പാൾ, മലപ്പുറം -679576

(രണ്ടു പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു. ഒരു പകർപ്പ് താങ്കളുടെ തീയതിയോടു കൂടിയ ഒപ്പ് രേഖപ്പെടുത്തി തിരികെ ലഭ്യമാക്കേണ്ടതാണ്)

പകർപ്പ്,

1. അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള,

തിരുവനന്തപുരം.

2. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം),

മലപ്പുറം.

3. മെഡിക്കൽ ഓഫീസർ ഇൻ ചാർജ്ജ്,

പ്രാഥമികാരോഗ്യ കേന്ദ്രം വെളിയംകോട്, മലപ്പുറം.

(ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തരം)

4. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റ്

5. ഫയൽ